## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സാധ്യതാപഠനം — യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം. 1863 /2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07.06.2016

---

പരാമർശം:- 1. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി രജിസ്ട്രാറുടെ 03.02.2016 തീയതിയിലെ C-DIT/GET/PROJECTS/8/26/2015 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.02.2016 തീയതിയിലെ 3.12 ഇനം തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മേൽക്കൂരയ്ക്ക് മുകളിലായി 25 KW ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സാധ്യതാപഠനം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിക്ക് നൽകുന്നതിന് പരാമർശം (2) തീരുമാനത്തിന്റെ വെളിച്ചത്തിൽ യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

തുക നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്/ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജോൺസൺ തോമസ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം. (എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും

എക്സി. ഡയറക്ടർ, ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.&എ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.